LIBRARY ARCHIVES Kerala Legislative Assembly

ജലനിധി പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ്

35 [198] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ചെറുകിട ജലസേചന പദ്ധതികളല്ലാതെ, വൻകിട പദ്ധതികൾ ജലനിധി സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന് സർക്കാർ അനുമതി ആവശ്യമാണോ എന്നും ഏതെങ്കിലും പഞ്ചായത്തിന് ഇപ്രകാരം അനുമതി നൽകിയിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(ഡി) ജലനിധി പദ്ധതി ജലലഭ്യതയുള്ള സ്ഥലങ്ങളിൽ നിന്നു കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ് വഹിക്കുന്നതിന് സർക്കാർ സഹായം നൽകുമോ?

ഉത്തരം

(എ) 78 പഞ്ചായത്തുകളിൽ.

(ബി) ചെറുകിട കുടിവെള്ള-ശുചിത്വ പദ്ധതികളാണ് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നത്. ജലസേചന പ്രവർത്തനങ്ങളുമായി ജലനിധി പദ്ധതിക്ക് ബന്ധമില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ജലനിധി പദ്ധതിയിലെ ശുദ്ധജല വിതരണ ഘടകത്തിന് വരുന്ന ചെലവിന്റെ 85 ശതമാനം സർക്കാർ സഹായമായി നൽകുന്നുണ്ട്.

തൃശ്ശൂർ ജില്ലയിലെ ബണ്ട് നിർമ്മാണം

36 [199] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഉണ്ടായ കാലവർഷത്തിൽ തൃശ്ശൂർ ജില്ലയിൽ കനത്ത നാശനഷ്ടങ്ങൾ ഉണ്ടാകാൻ കാരണം അധികമായി വന്ന വെള്ളം കടലിലേയ്ക്ക് തുറന്ന് വിടാതിരുന്നത് കൊണ്ടാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലക്കിൽ റഗുലേറ്റർ, ഏനാമാക്കൽ റഗുലേറ്റർ എന്നിവയുടെ ഷട്ടറുകൾ തുരുമ്പിച്ച് ദ്രവിച്ചതിനാൽ യഥാസമയം തുറക്കാൻ കഴിയാതെ വന്നു എന്ന ആക്ഷേപം ശരിയാണോ;

(സി) ഈ റഗുലേറ്ററുകളുടെ ഷട്ടറുകൾ പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഡി) കരുവന്നൂർ പുഴയിൽ ഹെൽബർട്ട് കനാലിൽ താൽക്കാലിക ബണ്ട് (ഇല്ലിക്കൽ റഗുലേറ്ററിന് മേൽ ഭാഗം) കെട്ടുന്നതിന് നടപടി എടുത്തിട്ടുണ്ടോ;

(ഇ) പുഴ മുറിച്ച ഭാഗത്തും ഹെൽബർട്ട് കനാലിന്റെ ബണ്ടുകൾ രണ്ട് ഭാഗം കെട്ടി സംരക്ഷിക്കുന്നതിനും എത്ര വർക്കുകൾ ഈ വർഷം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത ഭാഗത്ത് ഒരു റീച്ച് കനാൽ ബണ്ട് കെട്ടുന്നതിൽ വീഴ്ച വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ അതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അധികമായ വന്ന വെള്ളം കടലിലേക്ക് വിടുന്നതിനായി കുത്താമാക്കൽ, ഇല്ലിക്കൽ, കൊറ്റംകോട്, ഏനാമാക്കൽ, ഇടയൻചിറ തുടങ്ങിയ റെഗുലേറ്ററുകളുടെ ഷട്ടറുകൾ യഥാസമയം തുറന്ന് വച്ചിരുന്നു. എന്നാൽ താഴെപ്പറയുന്ന ചില കാരണങ്ങളാൽ പുഴയിലെ അധികജലം പൂർണ്ണമായും ഒഴിഞ്ഞു പോവുകയുണ്ടായില്ല.

(1) അപ്രതീക്ഷിതമായ കനത്ത മഴ.

(2) വേനൽ മഴയിൽ ലഭിച്ച വെള്ളം സംഭരിച്ച് നിർത്തിയിരുന്നു.

(3) കടൽ കേഷോഭിച്ചിരുന്നതിനാൽ ഒഴുക്ക് കുറവായിരുന്നു.

(4) കോൾ മേഖലയിൽ ചണ്ടി, കുളവാഴ, മീൻവലകൾ എന്നിവ കൊണ്ടുണ്ടായ തടസ്സങ്ങൾ.

(5) കരുവന്നൂർ പുഴയിൽ പാലങ്ങൾ പണിയുന്നതിനായി കരുവന്നൂരിലും കാരാഞ്ചിറയിലും പി. ഡബ്ല്യൂ. ഡി.-യുടെ പണികൾക്ക് വേണ്ടിയുണ്ടാക്കിയ തടസ്സങ്ങൾ.

(6) പ്രധാന ജലനിർഗ്ഗമന മാർഗ്ഗങ്ങളായ പുത്തൻ തോട്ടിലേയും, മുല്ലശ്ശേരി കനാലിലേയും കെ.എൽ.ഡി.സി. പണികളോടനുബന്ധിച്ചുള്ള വലിയ തടസ്സങ്ങൾ.

(ബി) അല്ല. ഏനാമാക്കൽ റഗുലേറ്ററിന്റെ 16 ഷട്ടറുകളിൽ 15 ഷട്ടറുകളും യഥാസമയം തുറന്നിരുന്നു. ഉയർത്താൻ സാധിക്കാതെ വന്ന ഒരു ഷട്ടർ അടുത്ത ദിവസം ചെയിൻ പുള്ളിയും മറ്റും ഉപയോഗിച്ച് പൊക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

കരുവന്നൂർ പുഴയിൽ ഒരു രാത്രികൊണ്ട് 1 മീറ്ററിലധികം ജലവിധാനം ഉയരുകയുണ്ടായി. 5-6-2004-ൽ പാതിരയോടെ 15 ഷട്ടറുകളിൽ 10 എണ്ണവും ഉയർത്താൻ കഴിഞ്ഞു. ബാക്കി ഉയർത്താൻ കഴിയാതിരുന്ന 5 ഷട്ടറുകൾ പിറ്റേ ദിവസം ചെയിൻ പുള്ളി കൊണ്ടുവന്ന് ഉയർത്തുകയുണ്ടായി. പോയ വർഷങ്ങളിൽ ഉയർത്താറില്ലാതിരുന്ന 4 ഷട്ടറുകളടക്കം 14 ഷട്ടറുകളും തുറക്കുകയുണ്ടായി.

(സി) ഉണ്ട്. റിവാമ്പിംഗ് കൺസോളിഡേഷൻ സ്കീമിൽപ്പെടുത്തി മണലി പുഴയിലേയും, കുറുമാലിപുഴയിലേയും റെഗുലേറ്ററുകളുടെയും, ഏനാമാക്കൽ റെഗുലേറ്ററിന്റെയും ഷട്ടറുകൾ പുതുക്കിപ്പണിയുന്നതിന് 290 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കൊറ്റംകോട് വളവ് റെഗുലേറ്റർ ഷട്ടറുകൾ പുതുക്കി പണിത് കഴിഞ്ഞു. ഏനാമാവ് ഷട്ടറുകളുടെ പണി അവസാന ഘട്ടത്തിലാണ്.

(ഡി) ഉണ്ട്.

(ഇ) കോൾവെള്ള വിതരണശൃംഖലയുടെ തുടക്കത്തിലെ ഏറ്റവും പ്രധാനപ്പെട്ട കനാലുകളായ ലിങ്ക് കനാലിന്റെയും ഹെർബർട്ട് കനാലിന്റെയും, കെ.എൽ.ഡി.സി. നിർമ്മിച്ച ബണ്ടുകളുടെ ഉയരം അപര്യാപ്തമാണെന്ന് കണ്ടതിനെത്തുടർന്ന് ഉദ്ദേശം 15 അടിയോളം ഉയർത്തുന്നതിനായി 6 പണികൾ ഈ വർഷം അറേഞ്ച് ചെയ്തിരുന്നു. ഇതിൽ അഞ്ചു പണികൾ തുടങ്ങി, അവസാന ഘട്ടത്തിലാണ്.

(എഫ് ആന്റ് ജി) കരുമന്നൂർ പുഴക്കടുത്ത് ലിങ്ക് കനാലിന്റെ ഇടത്തെ ബണ്ട് 2 കി.മി. നീളത്തിൽ ഉയർത്തേണ്ട പണി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചിട്ടുള്ളതും സൈറ്റ് കൈമാറിയിട്ടുള്ളതുമാണ്. കോൾ നിലങ്ങളിലേക്കുള്ള അടുത്ത ജലവിതരണത്തിന് മുമ്പായി മേൽപ്പറഞ്ഞ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

37 [200] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കാങ്കോൽ ആലപ്പടമ്പു പഞ്ചായത്തിലെ ഹരിതീർത്ഥക്കരയിലും പെരിങ്ങോം വയക്കര പഞ്ചായത്തിലെ പുറക്കുന്നിലും കുടിവെള്ള പദ്ധതികൾ ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോൾ സർക്കാർ പരിഗണനയിൽ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly